**2016 ഫെബ്രുവരി 21, 2016 നോമ്പ് മൂന്നാം ഞായർ**

**( മത്താ. 20: 17-18)**

**വചന സന്ദേശം: റവ.ഫാ. ഡെന്നി കാട്ടയിൽ**

ഇന്നത്തെ സുവിശേഷഭാഗത്തെ രണ്ടായി തിരിച്ചുകൊണ്ടു നമുക്കു വിചിന്തനം ചെയ്യാം. ഒന്നാമതായി പീഡാനുഭവ പ്രവചനമാണ്. ഈശോയുടെ ശിഷ്യത്വം ത്യാഗമാണ് ആവശ്യപ്പെടുന്നത്. കുരിശിലാണു തന്റെ മഹത്ത്വം എന്ന് ഈശോ അവരെ പഠിപ്പിക്കാൻ ശ്രമിക്കുന്നു. ഒരു മിശിഹാ അനുഭവം സ്വന്തമാക്കാനുള്ള വിളിയാണു ശിഷ്യത്വത്തിലേക്കുള്ള വിളി. ഇതൊരു സഹനമാണ്. എന്നിൽ നിന്നും ക്രിസ്തുവിലേക്കു നടന്നു നീങ്ങാനുള്ള ഒരു വിളി. അതു കുരിശിന്റെ പാതയാണ്. ഈശോ തന്റെ ജീവിതത്തിലൂടെ അതു വ്യക്തമാക്കിത്തരുന്നു - എന്റെ ഹിതമല്ല നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ (ലൂക്കാ 22:43). ആത്മാർത്ഥമായ ജീവിതവും ആത്മാർത്ഥമായ ബലിയർപ്പണ ജീവിതത്തിലും ഈ വാക്യത്തിന്റെ പൂർത്തീകരണം സംഭവിക്കുന്നു. സ്വയം ശൂന്യവത്കരണം, കുരിശുമരണം എന്നത് അടിയറവയ്ക്കലിന്റെ പ്രയാണമാണ് - പിതാവായ ദൈവത്തിന്റെ സന്നിധിയിൽ പുത്രൻ സ്വജീവിതം അർപ്പിച്ചതുപോലെ. സഹനം സഹജരെ കാണുവാനുള്ള കണ്ണുതുറപ്പിക്കലുമാണ്. ആമ്പലിന്റെയും വണ്ടിന്റെയും കഥ നാം ഓർമിക്കുന്നുണ്ടാകും... ആരെയും വേദനിപ്പിക്കുന്നില്ല. തന്നെ വേദനിപ്പിച്ചുകൊണ്ടു പൊയ്ക്കൊള്ളാനാവശ്യപ്പെടുന്ന ആമ്പലിന്റെ മനോഭാവം ഈ കരുണയുടെ വർഷം നമുക്കു സ്വന്തമാക്കാനാവുമോ?

സെബദീപുത്രന്മാരുടെ മറ്റൊരു മനോഭാവം ഒന്നാമനാകാൻ ശ്രമിക്കുക എന്നതാണ്. അധികാരിയാവുക ഇതൊരു വിജാതീയ ചിന്താഗതിയാണ്. ഈശോ പറയുന്നുണ്ട്, വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നു. എന്നാൽ നിങ്ങളുടെ ഇടയിൽ അങ്ങനെ ആകരുത്. ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ അവസാനത്തെ സ്ഥാനക്കാരനും മറ്റുള്ളവരുടെ ശുശ്രൂഷകനും ആകാനും ഒരുങ്ങുക (ലൂക്കാ 22:26). മടിയാനാവുകയല്ല മറ്റുള്ളവരെ പരിഗണിച്ചുകൊണ്ടു മുന്നേറുക. ഒന്നു നിലത്തുവീണ് അഴിഞ്ഞ് ഇല്ലാതാകണം. എന്തുമാത്രം നാം വിട്ടുകൊടുക്കുന്നുവോ അത്രയും വിജയം നമുക്കുണ്ടാകുന്നു. മറ്റുള്ളവരെ ഉയർത്തുന്നവരാകണം. എന്നാലേ യഥാർത്ഥത്തിൽ നാം വലുതാവുകയുള്ളൂ. വലിപ്പത്തെക്കുറിച്ചുള്ള കാഴ്ചപ്പാടു മാറ്റപ്പെടണം. സഹനം മനുഷ്യന് ഇന്നും ഒരു രഹസ്യമായി നിലകൊള്ളുന്നു. ഈശോയുടെ കൂടെ നടന്ന ശിഷ്യന്മാർക്കുപോലും ഇതു മനസ്സിലായില്ല. അതിന്റെ ഏറ്റവും വലിയ തെളിവാണു സെബദീപുത്രന്മാരുടെ ആവശ്യം.

**അധികാരം ആഗ്രഹിക്കുന്ന ശിഷ്യത്വം**: വലത്തും ഇടത്തും ഇരിക്കാനുള്ള കല്പന ആഗ്രഹിച്ചുകൊണ്ടാണു സെബദീപുത്രന്മാരുടെ അമ്മയുടെ വരവ്. ഈ ആവശ്യം അധികാരമാണു കാണിക്കുന്നത്. ഇത് ഈശോയുടെ വ്യക്തിത്വത്തിന്റെ നേർവിപരീതമാണ്. കുരിശിലേക്കു പോകുന്ന ഗുരുവും അധികാരത്തിലേക്കു നോക്കുന്ന ശിഷ്യനും. കൂടെ നടക്കുമ്പോൾ കിട്ടുന്ന അംഗീകാരം, എവിടെയും പ്രഥമ സ്ഥാനം, ജനത്തിന്റെ മുമ്പിലുള്ള താൻപോരിമ ഇവയെല്ലാം ശിഷ്യന്റെ വലിയ സ്വപ്നമാണ്. ഞങ്ങൾ എല്ലാം ഉപേക്ഷിച്ചു നിന്റെ കൂടെ വരുന്നു. ഞങ്ങൾക്ക് എന്താണു ലഭിക്കുക? (മത്താ. 19:2). സഹനം - സേവനം ഇവയെക്കുറിച്ചു ചിന്തിക്കാൻപോലും തയ്യാറാകാതിരുന്ന ഗണമാണു ശിഷ്യന്മാർ.

പരാജയപ്പെടാനും എളിമപ്പെടാനും കഴിയണം. ഈ കാരുണ്യവർഷത്തിലെ നമ്മുടെ ചിന്ത, യേശുവിനോടു കൂടെയാവണം. അപരന്റെ കണ്ണീരിൽ സ്വന്തം ദുഃഖം കാണണം, നമ്മുടെ സഹനം ദൈവദർശനത്തിനു നിമിത്തമായി മാറണം. സഹനം നമ്മെ കൂടുതൽ കരുത്തുള്ളവരാക്കുന്നു. സേവനത്തിന്റെ വലിപ്പം അംഗീകരിക്കപ്പെടണം.